# Desabhimani
# 31 August 2018
# Kochi, Flood Relief, Street Vendors

## വഴിയോര കച്ചവടക്കാർ കിറ്റുകൾ നൽകി



എറണാകുളം ജില്ലാ വഴിയോര കച്ചവട തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ പ്രളയ ദുരിതാശ്വാസ കിറ്റുകളുമായി പോകുന്ന വാഹനം കെ എ ഉസ്മാൻ ഫ്ളാഗ് ഓഫ് ചെയ്യുന്നു

**കൊച്ചി**

ആലപ്പുഴ പുന്നപ്രയിൽ പ്രളയക്കെടുതി അനുഭവിക്കുന്നവർക്ക് ജില്ലാ വഴിയോര കച്ചവട തൊഴിലാളി യൂണിയൻ (സിഐടിയു) എറണാകുളം ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങളുടെ കിറ്റ് വിതരണം ചെയ്തു. കിറ്റുകൾ കൊണ്ടുപോകുന്ന വാഹനം മേനക ജങ്ഷനിൽ ജില്ലാ സെക്രട്ടറി കെ എ ഉസ്മാൻ ഫ്ളാഗ് ഓഫ് ചെയ്തു. ലോക്കൽ കമ്മിറ്റിയംഗങ്ങളായ പി എ ഉസ്മാൻ, ആർ കണ്ണൻകുമാർ, ഡിവൈഎഫ്ഐ മേഖലാ പ്രസിഡന്റ് റിയാസ് മൊയ്തു, വി എം നാസർ എന്നിവർ സംസാരിച്ചു.